Lalith Babu

**ഹിന്ദി ഇംഗ്ലീഷ് അപേക്ഷ സമർപ്പിക്കപ്പെടുന്ന ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പ്രാദേശിക ഔദ്യോഗിക ഭാഷ എന്നീ ഭാഷകളിൽ വിവരാവകാശ അപേക്ഷ സമർപ്പിക്കാം . വിവരാവകാശ അപേക്ഷയ്ക്ക് അപേക്ഷ ലഭിക്കുന്ന ഭാഷയിൽത്തന്നെ മറുപടി നൽകാൻ ശ്രദ്ധിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ**

ഹർജിക്കാരന്റെ 05-02-2012 ലെ വിവരാവകാശ അപേക്ഷയിന്മേൽ ലഭിക്കാത്ത വിവരങ്ങൾക്ക് ഒരിക്കൽകൂടി ഹർജിക്കാരൻ വ്യക്തത നൽകി ആവശ്യപ്പെടുകയാണെങ്കിൽ ഫയലുകൾ പരിശോധിക്കാനും വിവരാവകാശ നിയമത്തിനു വിധേയമായി വിവരങ്ങൾ/രേഖകൾ സൗജന്യമായി നൽകാനും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ ഉത്തരവാകുന്നു.

അപ്പീൽ തീർപ്പാക്കുമ്പോൾ അപ്പീൽ അധികാരി ജാഗ്രത പാലിക്കണമെന്നും വിവരാവകാശ അപേക്ഷയ്ക്ക് അപേക്ഷയിലെ ഭാഷയിൽ തന്നെ മറുപടി നൽകാൻ ശ്രദ്ധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

അപ്പീൽ ഹർജി ഇപ്രകാരം തീർപ്പാക്കിക്കൊണ്ട് ഇന്നേ ദിവസമായ **2013 ജനുവരി മാസം 7-ാം** തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.